**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **14-10-2024 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ സ്മാർട്ട് അഗ്രികൾച്ചർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക മേഖലയിൽ ഡ്രോൺ ഉപയോഗപ്പെടുത്തി സ്മാർട്ട് അഗ്രികൾച്ചർ എന്ന ആശയം പ്രാവർത്തികമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) പദ്ധതിയുമായി ബന്ധപ്പെട്ട് 49 കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രോൺ പരിശീലനം പൂർത്തിയാക്കുകയും ഡ്രോൺ ലഭ്യമാക്കുകയും ചെയ്തു. ഡ്രോൺ ദീദിമാരും കാർഷിക യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച അംഗങ്ങളും ചേർന്ന് സ്മാർട്ട് ഫാമിംഗ് നടപ്പിലാക്കുന്നതിന് ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; കുടുംബശ്രീ ഏതെല്ലാം സ്ഥാപനങ്ങളുമായി യോജിച്ചാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രോൺ ഉപയോഗിക്കുന്നതിന് കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ കേന്ദ്രത്തിന്റെ (സി.റ്റി.സി.ആർ.ഐ-ശ്രീകാര്യം) നേതൃത്വത്തിൽ പരിശീലനം നൽകി. കൂടാതെ ഡ്രോൺ ഉപയോഗിക്കുന്നതിന് കുടുംബശ്രീ അംഗങ്ങളെ സജ്ജരാക്കുന്നതിന് കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ (സി.റ്റി.സി.ആർ.ഐ-ശ്രീകാര്യം) കേന്ദ്രത്തിലെ ഡ്രോൺ വിദഗ്ധരുടെ നേതൃത്വത്തിൽ ഹാൻഡ്ഹോൾഡ് സപ്പോർട്ട് നൽകി വരുന്നു. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് എൻവയറോൺമെന്റ് സയൻസുമായി സംയോജിച്ച് സ്മാർട്ട് ഫാമിംഗ് രണ്ടാം ഘട്ട പരിശീലന പരിപാടി 2024 ഒക്ടോബറിൽ ആരംഭിക്കുന്നുണ്ട്. |
| (സി) | കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഉല്പാദനക്ഷമതയും തൊഴിലവസരങ്ങളും വരുമാനവും കൈവരിക്കാൻ കഴിയുംവിധം പ്രസ്തുത പദ്ധതി പുരോഗമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കുടുംബശ്രീ അംഗങ്ങൾക്ക് കാർഷിക രംഗത്ത് മെച്ചപ്പെട്ട ഉൽപാദനക്ഷമതയും തൊഴിലവസരവും വരുമാനവും കൈവരിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി ആരംഭിച്ചിട്ട് ആറ് മാസം മാത്രമേ ആയിട്ടുള്ളൂ എങ്കിലും നിലവിൽ വരുമാനം ലഭ്യമായി തുടങ്ങിയിട്ടുണ്ട്. എറണാകുളം, കാസറഗോഡ്, പാലക്കാട് ജില്ലകളിൽ കുടുംബശ്രീ ഡ്രോൺ |

| | | | |
|---|---|---|---|
| | | | പൈലറ്റുമാർ 2024 ജൂൺ മുതൽ തൊഴിലെടുക്കുന്നുണ്ട്. ഒരു ഏക്കർ ഡ്രോൺ ഉപയോഗിക്കുമ്പോൾ കിട്ടുന്ന വരുമാനം 500 രൂപ മുതൽ 700 രൂപ വരെയാണ്. അംഗങ്ങൾ ടി മേഖലയിൽ വളരെ പ്രൊഫഷണൽ ആയി മാറുന്ന മുറയ്ക്ക് കൂടുതൽ വരുമാനം ലഭ്യമാകുന്നതിനുള്ള അവസരങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ